പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 861      20-03-2013-ൽ മറുപടിക്ക്

'ജലനിധി' പദ്ധതിയുടെ രണ്ടാം ഘട്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 'ജലനിധി' പദ്ധതിയുടെ രണ്ടാം ഘട്ടം പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിലെ രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിത സംവിധാനത്തിൽ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുക, പഞ്ചായത്തിലെ ശുചിത്വ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, പഞ്ചായത്തുതല ഭൂഗർഭജല പരിപോഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, പഞ്ചായത്തുകളെ ശാക്തീകരിക്കുക, പഞ്ചായത്തിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, പഞ്ചായത്തിൽ ആവശ്യപ്പെടുന്ന ജനങ്ങൾക്കെല്ലാം കുടിവെള്ളം എത്തിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ലോക ബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സാനിട്ടേഷൻ ഏജൻസി, ഗ്രാമപഞ്ചായത്തുകൾ, സഹായസംഘടനകൾ, ഗുണഭോക്തൃസംഘടനകൾ, ഗുണഭോക്തൃസമിതികൾ എന്നിവയാണ് പദ്ധതിയുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ. കേരള വാട്ടർ അതോറിറ്റി ഭാഗികമായി ഈ പദ്ധതിയിൽ പങ്കാളിയാണ്.

(ഡി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ;

(ഡി) 1. കുടിവെള്ള പദ്ധതികൾ.
2. ശുചിത്വ പദ്ധതികൾ.
3. ഭൂജല പരിപോഷണ പദ്ധതികൾ.
4. ഗുണഭോക്താക്കൾക്ക് വിവിധതരത്തിലുള്ള പരിശീലനങ്ങൾ.
5. വിവര, വിജ്ഞാന, വ്യാപന (Information, Education, Communication) പദ്ധതികൾ.
6. ഗ്രാമപഞ്ചായത്തുകൾക്കുള്ള ശാക്തീകരണ പദ്ധതികൾ.
പൊതുവിഭാഗം ഗുണഭോക്താക്കൾ പദ്ധതിചെലവിന്റെ 10 ശതമാനവും പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി എന്നീ വിഭാഗങ്ങൾ 5 ശതമാനവും ഗുണഭോക്തൃ വിഹിതമായി നൽകിയാൽ മതി.

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

(ഇ) തിരുവനന്തപുരം കേന്ദ്രമായി കേരള റൂറൽ വാട്ടർ സാനിട്ടേഷൻ ഏജൻസിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ മൂന്ന് മേഖലാടിസ്ഥാനത്തിൽ ഇടുക്കി, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ റീജണൽ

പ്രോജക്ട് മാനേജ് മെന്റ്
യൂണിറ്റുകൾ പ്രവർത്തിക്കുന്നു.
പദ്ധതി നിർവ്വഹണവുമായി
ബന്ധപ്പെട്ട് സഹായ
സംഘടനകളെ തെരഞ്ഞെടുക്കുന്നു.
ടി സംഘടനകൾ ഗുണഭോക്തൃ
സമിതികൾ രൂപീകരിക്കുന്നു. ടി
സമിതികൾക്കുവേണ്ടി
തയ്യാറാക്കുന്ന വിശദമായ സ്കീം
റിപ്പോർട്ടുകൾ പരിശോധിച്ച്
സാങ്കേതികാനുമതി
കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്ത്
തലത്തിൽ പ്രോജക്ട്
കമ്മീഷണർമാരേയും
(എൻജിനീയർ) കേരള റൂറൽ വാട്ടർ
സാനിട്ടേഷൻ ഏജൻസി
നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ